(ബി) വിതരണത്തെപ്പറ്റി എന്തെങ്കിലും പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഏതു രീതിയിൽ വിതരണം നടത്തണമെന്നുള്ളതിനെപ്പറ്റി സർക്കാർ വ്യക്തമായ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ഡി) എന്തെങ്കിലും പഞ്ചായത്തുകൾ വിതരണത്തിനുള്ള മരച്ചീനി വിറകുകളഞ്ഞതായി സർക്കാരിനു പരാതി ലഭിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 220 പഞ്ചായത്തുകൾക്കു് അനുവദിച്ചിരുന്നു.

(ബി) ചില പരാതികൾ ലഭിച്ചു.

(സി) ഉണ്ടു്.

(ഡി) അങ്ങനെയും പരാതികൾ ലഭിച്ചിട്ടുണ്ടു്.

താലൂക്കു പുനഃസ്സംഘടന കമ്മിറ്റി.

* 162. [18] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) താലൂക്കുകൾ പുനഃസ്സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഗവണ്മെൻറ് ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ആ കമ്മിറ്റിയുടെ റിപ്പോർട്ടു ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ ;

(സി) പുതുതായി എത്ര താലൂക്കുകളും, എത്ര വില്ലേജുകളും, ഉണ്ടാക്കുവാൻ കമ്മിറ്റി ശുപാർശചെയ്തിട്ടുണ്ടു്.

(ഡി) പുതുതായി ഉണ്ടാക്കുന്നതിനു കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള താലൂക്കുകൾ ഏതെല്ലാം ;

(ഇ) പുതുതായി ഉണ്ടാക്കുന്നതിനു കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള വില്ലേജുകൾ ഏതെല്ലാം ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി, ഡി, ഇ) റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ടു് ഈ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ കഴിയുന്നതല്ല.

ഗ്രാമസേവകരുടെ തെരഞ്ഞെടുപ്പു്.

* 163. [19] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി പറയുമോ :

(എ) കമ്മിറ്റി പ്രാക്ടിക്കലിലും വൻ. ഇ. എസ്സ്. ബ്ലോക്കിലും ഗ്രാമസേവകന്മാരായി തെരഞ്ഞെടുത്തു പരിശീലനം നൽകുന്നതിനു് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ എന്നു ;

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിൽ എത്രപേരെ തെരഞ്ഞെടുത്തു;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു"?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉവ്വ്.

(ബി) മൂന്നു നാലു് കൊല്ലങ്ങളിലായി അപേക്ഷകരം ക്ഷണിച്ചിട്ടുണ്ടു്. ഏതു കൊല്ലത്തെയാണെന്നു അറിയാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(സി) ഇതേവരെ 516 അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ടു്;

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

വനഭൂമി.

* 164. [20] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ആകെ എത്ര ഏക്കർ വനഭൂമിയുണ്ടു്;

(ബി) അതിൽ എത്ര ഏക്കർ റവന്യൂവകുപ്പിൽ കുടിപാർപ്പിനും കൃഷ്യാവശ്യത്തിനുമായി വിട്ടുകൊടുത്തിട്ടുണ്ടു്;

(സി) എത്ര ഏക്കറോളം വിതരണം നടത്തിയിട്ടുണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 3052 ച. മൈൽ 7 ഏക്കർ.

(ബി) 19834 ഏക്കർ.

(സി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷിക്കാരുടെ കൈവശമിരിക്കുകയാണു്.

സംസ്ഥാന പുനഃസംഘടനയും രാജപ്രമുഖസ്ഥാനവും.

* 165. [22] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപുനഃസംഘടന നിലവിൽ വരുന്നതോടുകൂടി രാജപ്രമുഖസ്ഥാനം നിറുത്തൽചെയ്യുവാൻ ഇടയുള്ളതായി ഗവണ്മെൻറിനു അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ നമ്മുടെ രാജപ്രമുഖന്റെ കൊട്ടാരങ്ങളിൽ പ്രവൃത്തിയെടുക്കുന്ന 'പാലസ് കണ്ടിജൻസി' ജീവനക്കാരെ കേന്ദ്രഗവണ്മെൻറ് സർവ്വീസിലേക്കോ ഈ ഗവണ്മെൻറ സർവ്വീസിലേക്കോ എടുക്കേണ്ടതു് അത്യാവശ്യമാണെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly